(സി) ട്രാൻസ്പോർട്ട് വണ്ടികൾക്ക പെർമിറ കൊടുക്കൽ മുതലായ മോ ട്ടോർ വെഹിക്കിൾസ് ആക്ടിൽ പറഞ്ഞിട്ടുള്ള ട്രാൻസ്പോർട്ട് അഥാറിട്ടിയുടെ പ്രവർത്തനങ്ങളെല്ലാം.

(ഡി) പതിമൂന്ന്.

(ഇ) ഫ,ർൻൻ ക. ഫന. ണ. ൻ പ.

കുനമ്മാവ്-ആലുവാ റോഡ്

*൪൦൪. (൭൭) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സഭയം മറുപടി പറയുമോ.—

(എ) പറവൂർ താലൂക്കിൽ കുനമ്മാവു–ആലുവാ റോഡിന്റെ പണി എന്നാണ് ആരംഭിച്ചതു;

(ബി) നാളിതുവരെ ഈ റോഡിന്റെ നിർമ്മാണം എത്രകണ്ട് പുരോഗമിച്ചിട്ടുണ്ട്;

(സി) ഈ വർഷം എത്ര സംഖ്യ ഈ റോഡിന്റെ പണിക്കായി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്;

(ഡി) അതിൽ എത്ര സംഖ്യ ചിലവാക്കി കഴിഞ്ഞു ;

(ഇ) ഈ റോഡിന്റെ പണി എന്നു പൂർത്തിയാകും?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ് :)

(എ) ഫ ഫ ഫ ൭-ൽ ആരംഭിച്ചു.

(ബി) ഒന്നാം ഭാഗം ഒന്നര മൈൽ പൂർത്തിയാക്കി. രണ്ടാം ഭാഗം ഒന്നര മൈൽ പണി നടന്നുകൊണ്ടിരിക്കുന്നു.

(സി) (ഫ൦, ൦ ൦ ൦) രൂപ.

(ഡി) (൪,൪ ൪ ൻ) രൂപ.

(ഇ) രണ്ടാം ഭാഗം ഈ ബഡ്ജറ്റവർഷം പൂർത്തിയാകും. ബാക്കിയുള്ള മൂന്നാംഭാഗം അടുത്ത വർഷം തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിലാളി സംഘടകൾ

*൪൦൫. (൬൯) ശ്രീ. കെ. കുട്ടപ്പൻ : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലേബർമന്ത്രി സഭയം മറുപടി നൽകുമോ.—

ഫ— ഫ—ഫൻ൫൦ മുതൽ ഫ—ൻ—ഫൻ ൫൦ വരെ എത്ര തൊഴിലാളി സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്തെന്നും അതിനുള്ള കാരണമെന്തെന്നും പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഫ—ഫ— ൫൦ മുതൽ ഫ—ൻ— ൫൦ വരെ ഒമ്പ ട്രേഡ് യൂണിയനുകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ യൂണിയനുകളുടെ പ്രവർത്തനം നിലച്ചുപോയെന്ന രജിസ്ട്രാക്ക് അനേഷണത്തിൽ ബോദ്ധ്യപ്പെട്ടതിനാലും ടി യൂണിയനുകൾ നിയമപ്രകാരം രജിസ്ട്രാക്ക് അയക്കേണ്ടിയിരുന്ന വാർഷികണക്കുകൾ പലതവണ തെയ്പ്പെടുത്തിയിട്ടും അയക്കാതിരുന്നതിനാലും ട്രേഡ് യൂണിയൻ ആക്ടിൽ ഫ൦ ബി വകുപ്പനുസരിച്ച് ട്രേഡ് യൂണിയൻ രജിസ്ട്രാർ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് ടി യൂണിയനുകളുടെ രജിസ്ട്രേഷൻ റദ്ദുചെയ്തിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly